(എഫ്) ഈ പ്രോജക്ടിലെ വർക്കുകളെക്കുറിച്ച് എന്തെല്ലാം തരത്തിലുള്ള അന്വേഷണങ്ങൾ നടന്നിട്ടുണ്ടെന്നും നിലവിലുണ്ടെന്നും വിശദീകരിക്കാമോ ?

ഉത്തരം

(എ) 40 ഷട്ടറുകൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ 28 എണ്ണം ഡിപ്പാർട്ടുമെന്റ് നേരിട്ട് പുനഃസ്ഥാപിച്ച് ബാക്കി 12 എണ്ണം മെസ്സേഴ്സ് കെൽ വഴി പുനഃസ്ഥാപിച്ചു. ശേഷിച്ച വിവരങ്ങൾ ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) വിവരം ശേഖരിച്ചുവരുന്നു.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

ചങ്ങനാശ്ശേരി-ആലപ്പുഴ തോട് പ്രധാനപാതയായി മാറ്റുന്നതിന് ലോകബാങ്കിന്റെ സഹായം

24 (1175) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി-ആലപ്പുഴ തോട് പ്രധാനജലപാതയായി മാറ്റുന്നതിന് ലോകബാങ്കിന്റെ സഹായത്തോടെ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഈ ജോലിയുടെ എസ്റ്റിമേറ്റ് തുക എത്ര ;

(സി) പ്രസ്തുത ജോലിയുടെ ഭാഗമായി പ്രധാനമായും എന്തൊക്കെ കാര്യങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ഇതു സംബന്ധിച്ച് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തുക 15,37,44,400 രൂപ.

(സി) ജെട്ടികൾ നിർമ്മിക്കുക, കനാലിന്റെ വശങ്ങൾ സംരക്ഷിക്കുക, കനാലുകളുടെ ആഴം കൂട്ടുക, ജലഗതാഗതം സുഗമമാക്കുന്നതിന് ആവശ്യമായ സിഗ്നലുകൾ സ്ഥാപിക്കുക എന്നീ കാര്യങ്ങളാണ് ചെയ്യുവാൻ ഉദ്ദേശിക്കുന്നത്.

(ഡി) ആലപ്പുഴ-കോട്ടയം, കോട്ടയം-വൈക്കം, ആലപ്പുഴ-ചങ്ങനാശ്ശേരി എന്നീ ജലപാതകളുടെ നവീകരണത്തിനായി ലോകബാങ്കിൽ നിന്നും ഏകദേശം 120 ലക്ഷം അമേരിക്കൻ ഡോളർ ചെലവു പ്രതീക്ഷിക്കുന്ന ഒരു പദ്ധതിക്ക്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാന സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ലോക ബാങ്കിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്ന കേരളത്തിലെ ഹൈവേ പ്രോജക്ടിൽ ഉൾപ്പെടുത്തി ഉൾനാടൻ ജലപാത വികസനത്തിന്റെ ഒരു പൈലറ്റ് പ്രോജക്ട് ആയിട്ടാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്.

കന്നീസാപാലം പുനർനിർമ്മിക്കുന്നതിന് നടപടി

25 (1176) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം ബസ് സ്റ്റേഷന് വടക്കുവശം കരീമുഴ കനാലിന് കുറുകെയുള്ള കന്നീസാപാലം അപടകനിലയിലാണെന്നുള്ള നിവേദനം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എന്നാൽ നാളിതുവരെ ഈ പാലത്തിന്റെ ശോച്യാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ ബന്ധപ്പെട്ട വകുപ്പിന് നല്കിയിട്ടും യാതൊരുവിധ അറ്റകുറ്റപ്പണികളും നടത്തിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) തദ്ദേശവാസികളുടേയും യാത്രക്കാരുടേയും സൗകര്യം മാനിച്ച് ഈ പാലം കൂടുതൽ സൗകര്യപ്രദമായി പുനർനിർമ്മിക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പാലത്തിന്റെ ഇന്നത്തെ അവസ്ഥ വളരെ ഗുരുതരമാണ്. ഈ അവസ്ഥയിൽ പാലത്തിന് അറ്റകുറ്റപ്പണികൾ നടത്തി ബലപ്പെടുത്താനാവില്ല. ആയതു കൊണ്ട് ഇതിനുള്ള സ്ഥിരം പരിഹാരമെന്നത് സമാന്തരമായി ഒരു പുതിയ പാലം നിർമ്മിക്കുക എന്നുള്ളതാണ്. ഇതിലേയ്ക്ക് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി അനന്തരനടപടികൾ സ്വീകരിക്കുന്നതിന് ആലോചിച്ചുവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാലം പുനർനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

പിറവം മണ്ഡലത്തിലെ കനാൽ ലിങ്ക് റോഡുകൾ

26 (1177) ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് പിറവം നിയോജകമണ്ഡലത്തിൽ എം.വി.ഐ.പി. ഏറ്റെടുത്ത കനാൽ ലിങ്ക് റോഡുകൾ ഏതെല്ലാം ;

(ബി) ഓരോ റോഡിനും എന്ത് തുക വീതം ചെലവഴിച്ചു ;

(സി) മുൻ സർക്കാർ അനുമതി കൊടുത്ത എത്ര കനാൽ ലിങ്ക് റോഡുകൾ ഈ സർക്കാർ റദ്ദ് ചെയ്തു ; ഏതെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly